ബി2.37438/97

പഞ്ചായത്ത് ഡയറക്ടറാഫീസ്,
തിരുവനന്തപുരം, തീയതി.25.4.01

# സർക്കുലർ

വിഷയം:- കേരള ഹിന്ദു വിവാഹ രജിസ്ട്രേഷൻ റൂൾസ് 1957-ഉപ നിയമം '6' ഭേദഗതി-പ്രൊപോസൽ സമർപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന:- 1) സർക്കാരിന്റെ 2.2.01 ലെ ജി.ഒ.(പി)92/01/ലാ ഉത്തരവ്.

2) പഞ്ചായത്ത് ഡയറക്ടറുടെ 28.2.01 ലെ ബി2.37438/96 നംപർ സർക്കുലർ

സൂചന ഒന്നിലെ സർക്കാർ ഉത്തരവ് അനുസരിച്ച് വിവാഹം നടന്ന് 30 ദിവസം കഴിഞ്ഞ് ലഭിക്കുന്ന വിവാഹ റിപ്പോർട്ടുകൾ പ്രകാരം എങ്ങനെ രജിസ്ട്രേഷൻ നടത്താം എന്നതിനെപ്പറ്റിയുള്ള മാർഗ്ഗരേഖ സൂചന രണ്ട് പ്രകാരം എല്ലാ ലോക്കൽ രജിസ്ട്രാർ മാർക്കും നല്കിയിരുന്നു. എന്നാൽ പ്രത്യേക അനുമതിക്ക് അയച്ചു തരുന്ന അപേക്ഷകളിൽ നിരവധി അപാകതകൾ കണ്ടു വരുന്നതിനാൽ താഴെപറയുന്ന നിബന്ധനകൾ പാലിച്ചു കൊണ്ട് പ്രൊപോസൽ സമർപ്പിക്കാൻ നിർദ്ദേശിക്കുന്നു.

1. ഫാറം നമ്പർ ഒന്നിൽ വിവാഹ റിപ്പോർട്ട് ലഭിക്കുന്ന തീയതി രേഖപ്പെടുത്തി രജിസ്ട്രാർ ഇനിഷ്യൽ രേഖപ്പെടുത്തേണ്ടതാണ്.
2. വിവാഹ റിപ്പോർട്ടിന്റെ രണ്ടു പ്രതികൾ (ഫാറം നമ്പർ ഒന്ന്) ഉള്ളടക്കം ചെയ്യുക.
3. ഭാര്യയും, ഭർത്താവും ഒപ്പിട്ട സംയുക്താപേക്ഷയിൽ ഒരു രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിക്കണം
4. വിവാഹ റിപ്പോർട്ടിലെ എല്ലാ കോളങ്ങളും, വ്യക്തമായി പൂരിപ്പിച്ചുവെന്ന് ഉറപ്പു വരുത്തുക.
5. വിവാഹ റിപ്പോർട്ടിൽ താമസസ്ഥലം എന്ന കോളത്തിൽ "മേൽവിലാസം" പൂർണ്ണമായി രേഖപ്പെടുത്തുക.
6. ഹിന്ദു മതാചാരപ്രകാരമാണ് പ്രസ്തുത വിവാഹം നടന്നതെന്നും, ടി വിവാഹം പ്രസ്തുത രജിസ്ട്രേഷൻ യൂണിറ്റിനകത്ത് വച്ച് നടന്നതാണെന്നും സംയുക്താ പേക്ഷയിൽ പറയുന്ന കാര്യങ്ങൾ സത്യമാണെന്നും, അന്വേഷണ റിപ്പോർട്ടിൽ വ്യക്തമാക്കുക.

മേൽ നിബന്ധനകൾ എല്ലാ രജിസ്ട്രാർമാരും കർശനമായി പാലിക്കേണ്ടതാണ്.

കൂടാതെ 1957 ലെ ഹിന്ദു വിവാഹ രജിസ്ട്രേഷൻ ചട്ടങ്ങൾ 6 പ്രകാരം ഫാറം നമ്പർ ഒന്നിൽ വിവാഹം റിപ്പോർട്ട് ചെയ്തു കഴിഞ്ഞാൽ ചട്ടം 7 പ്രകാരം രജിസ്ട്രാർ എഴുതി സൂക്ഷിക്കേണ്ടുന്ന രജിസ്റ്ററിൽ വധുവരൻമാർ ഒപ്പു വയ്ക്കേണ്ട ആവശ്യമില്ല. ഒപ്പിന്റെ കോളത്തിൽ (ഒപ്പ്) എന്ന് രേഖപ്പെടുത്തിയാൽ മതിയാകുന്നതാണ്.

വിവാഹ രജിസ്ട്രാർ ജനറൽ

പകർപ്പ്:- എല്ലാ ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും
എക്സിക്യൂട്ടീവ് ആഫീസർ, കണ്ണൂർ, കന്റോൺമെന്റ്
അധികം/സംഭരണ ഫയൽ